(ഡി) റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കി അതത് സ്ഥാപനങ്ങൾ ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ടു ചെയ്യണമെന്ന് പി. എസ്. സി. ആവശ്യപ്പെട്ടിട്ടും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ അധികാരികൾ റിപ്പോർട്ടു ചെയ്യുന്നില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) റിക്രൂട്ട്മെന്റ് റൂൾസ് തയ്യാറാക്കിയോ എന്ന് പരിശോധിക്കാൻ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

മുഖ്യമന്ത്രി *(ശ്രീ. ഉമ്മൻ ചാണ്ടി):*

(എ)—(ഡി) ചോദ്യത്തിൽ സൂചിപ്പിച്ചിട്ടുള്ള 22-ൽ പരം സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കിയിട്ടില്ല. നിയമന കാര്യങ്ങൾ പി. എസ്. സി.യുമായി ആലോചിക്കണമെന്ന് നിയമം പാസ്സാക്കിക്കഴിഞ്ഞാൽ നിയമനചട്ടങ്ങൾ തയ്യാറാക്കുന്നതിന് അനുവർത്തിക്കേണ്ട നടപടി ക്രമങ്ങൾ പൂർത്തിയാക്കാൻ കുറച്ചു സമയം എടുക്കും. അതിനു ശേഷം ഒഴിവുകൾ പി. എസ്. സി. ക്കു റിപ്പോർട്ടു ചെയ്തു തുടങ്ങുന്നതാണ്.

(ഇ) അതാത് സ്ഥാപനങ്ങളുടെ സെക്രട്ടേറിയറ്റിലെ ഭരണ വകുപ്പുകൾ ഈ കാര്യത്തിൽ നടപടി എടുക്കുന്നുണ്ട്.

കെട്ടിട നികുതി നിശ്ചയിക്കുന്നതിന് പുതിയ മാനദണ്ഡം

*19 [18] *ശ്രീ. എം. എ. വാഹീദ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ ഭരണ സ്ഥാപനങ്ങൾ മുഖേന കെട്ടിട നികുതി നിശ്ചയിക്കുന്നതിന് പുതിയ മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത മാനദണ്ഡത്തിന്റേയും നികുതി ഘടനയുടേയും വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):*

(എ) 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, കേരള മുനിസിപ്പാലിറ്റി ആക്ട് എന്നിവയ്ക്ക് 1999-ൽ വരുത്തിയ ഭേദഗതി പ്രകാരം പ്ലിന്ത് ഏരിയ കണക്കാക്കി കെട്ടിട നികുതി നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും അവ നടപ്പാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly